بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 13.11.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*13.11.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹുവിനുവേണ്ടി മാത്രം സാഹോദര്യബന്ധത്തിന്റേയും സ്നേഹത്തിന്റേയും ഒരു ഉദാഹരണം കൊടുക്കാൻ കഴിയുമെങ്കിൽ അത് ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ റളിയല്ലാഹു അൻഹുവിന്റെ ഉദാഹരണമാണ്. അനുസരിക്കുമെന്ന് പ്രതിജ്ഞ ചെയ്തശേഷം അതിന്റെ പരമമായ നിലവാരത്തിന്റെ മാതൃക കാണിച്ചുകൊണ്ട് അതിൽ നിലകൊണ്ട ആരുടെയെങ്കിലും ഉദാഹരണം ചൂണ്ടിക്കാണിക്കാൻ സാധിക്കുമെങ്കിൽ അത് ഹദ്റത്ത് മൗലാനാ നൂറുദ്ദീന്റേതാണ്. എല്ലാ ഭൗതികബന്ധങ്ങളെക്കാളും ബയ്അത്തിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധം ചേർത്തുവെച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റേതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു(റ)ണ്ടായിരുന്ന അനുരക്തിയും സ്നേഹവും, ആ മഹാത്മാവിനെക്കുറിച്ച് അല്പമെങ്കിലും വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടുള്ള എല്ലാ ഓരോ അഹ്മദിയും അറിയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹുവിനുവേണ്ടി മാത്രം സാഹോദര്യബന്ധത്തിന്റേയും സ്നേഹത്തിന്റേയും ഒരു ഉദാഹരണം കൊടുക്കാൻ കഴിയുമെങ്കിൽ അത് ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ റളിയല്ലാഹു അൻഹുവിന്റെ ഉദാഹരണമാണ്. അനുസരിക്കുമെന്ന് പ്രതിജ്ഞ ചെയ്തശേഷം അതിന്റെ പരമമായ നിലവാരത്തിന്റെ മാതൃക കാണിച്ചുകൊണ്ട് അതിൽ നിലകൊണ്ട ആരുടെയെങ്കിലും ഉദാഹരണം ചൂണ്ടിക്കാണിക്കാൻ സാധിക്കുമെങ്കിൽ അത് ഹദ്റത്ത് മൗലാനാ നൂറുദ്ദീന്റേതാണ്. എല്ലാ ഭൗതികബന്ധങ്ങളെക്കാളും ബയ്അത്തിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധം ചേർത്തുവെച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റേതാണ്. സേവനപരമായ അവസ്ഥയുടെ അതുല്യമാതൃക ആരെങ്കിലും സ്ഥാപിച്ചുകാണിച്ചിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ നൂറുദ്ദീൻ സാഹിബാണ് സ്ഥാപിച്ചത്. ഹദ്റത്ത് മസീഹ് മൗഊദി(അ)നു മുമ്പിൽ എളിമയിലും, വിനയത്തിലും നമുക്ക് ഏതെങ്കിലും പരമമായ സ്ഥാനത്ത് ആരെയെങ്കിലും കാണാൻ കഴിയുന്നെങ്കിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ, അതിന്റേയും ഉന്നതനിലവാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലാണ് സ്ഥാപിച്ചത്. ഇമാമുസ്സമാൻ ഹദ്റത്ത് മസീഹ് മൗഊദി (അ)ൽനിന്ന് മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത ബഹുമതി ആരെങ്കിലും പ്രാപിച്ചിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലാണ്. ആ മഹാത്മാവിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

ചെ ഖുശ് ബൂദെ അഗർ ഹർ യെക് സെ ഉമ്മത്ത് നൂറുദ്ദീൻ ബൂദേ.

സമുദായത്തിലെ ഓരോ വ്യക്തിയും നൂറുദ്ദീൻ ആയെങ്കിൽ ഹാ, എത്ര നന്നായിരുന്നു!

കാലത്തിന്റെ ഇമാം, തന്നെ വിശ്വസിക്കുന്നവർക്ക് എല്ലാ കാര്യത്തിലുമുള്ള നിലവാരം, ഹദ്റത്ത് മൗലാനാ നൂറുദ്ദീന്റെ നിലവാരമാക്കിയിരിക്കുന്നുവെന്നത് ഒരു വൻബഹുമതിയാണ്. എല്ലാ ഓരോരുത്തരും നൂറുദ്ദീൻ ആയാൽ ഒരു വിപ്ലവം ഉണ്ടാകാവുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ ഖലീഫത്തുൽ മസീഹുൽ അവ്വലിന്റെ ചില സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ആ സംഭവങ്ങൾ വായിക്കുമ്പോൾ യജമാനന്റേയും അടിമയുടേയും ഗുരുവിന്റേയും ശിഷ്യന്റേയും ഇരുവശത്തേക്കുമുള്ള ബന്ധവും സ്നേഹത്തിന്റേയും എളിമയുടേയും വിനയത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും മാതൃകയും ദൃശ്യമാകുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ത്യാഗങ്ങളുടെ നിലവാരവും അനുസരണത്തിന്റെ ഉന്നതമാതൃകയും വിവരിച്ചുകൊണ്ട് ഒരിക്കൽ അവിടന്ന് ഖാദിയാനിൽ വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ രേഖപ്പെടുത്തുന്നു: 'താങ്കൾ താങ്കളുടെ നാട്ടിൽ പോയാൽ സ്വന്തം ആദരവ് നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നതെന്ന് എനിക്ക് താങ്കളെ സംബന്ധിച്ച് ഇൽഹാം ഉണ്ടായിരിക്കുന്നു.' അതു കേട്ടതുമുതൽ അദ്ദേഹം നാട്ടിലേക്ക് തിരിച്ചുപോകുന്നതിന്റെ പേരുപോലും പിന്നെ പറഞ്ഞിട്ടില്ല. അക്കാലത്ത് അദ്ദേഹം തന്റെ നാടായ ഭേരയിൽ ഒരു ഗംഭീര ഭവനം നിർമ്മിക്കുകയായിരുന്നു. ഒരിക്കൽപോയി ആ ഭവനമൊന്നു നോക്കിവരാൻ ചിലയാളുകൾ അദ്ദേഹത്തോടു പറയുകയും ചെയ്തിരുന്നു. പക്ഷേ, അവിടന്ന് പറഞ്ഞു: 'ഞാൻ അത് അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ചിരിക്കുന്നു. ഇപ്പോൾ അതു നോക്കേണ്ടആവശ്യമെന്താണ്?'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു സംഭവം വിവരിക്കുന്നു: 'അഞ്ചുമന്റെ ചില കൈകാര്യ കർത്താക്കൾ തങ്ങളെ വലിയ ബുദ്ധിമതികളായി മനസ്സിലാക്കുകയും ഭൗതികതയുടെ വർണം അവരിൽ അതിജയിക്കുകയും ഒരുപാട് പ്രശ്നങ്ങൾ അഞ്ചുമനിൽ അവതരിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ പൊതുവെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റേയും എന്റേയും അഭിപ്രായം ഏകോപിച്ചതാകുകയും മറ്റുചില വലി

യ നേതാക്കന്മാരായ അംഗങ്ങളുടേത് അതിനു വിരുദ്ധവു മാകുകയും ചെയ്യുമായിരുന്നു. എന്തായാലും അത്തരം ഒരവസ്ഥയിൽ ഒരു മജ്‌ലിസിൽ തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്കൂൾ അടച്ചുപൂട്ടുന്ന പ്രശ്നം അവതരിപ്പിക്കപ്പെട്ടു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അത് അടച്ചുപൂട്ടുന്നതിന് എതിരായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അഭിപ്രായവും അടച്ചുപൂട്ടരുതെന്നായിരുന്നു. അതിനെ തുടർന്ന് വളരെ ശക്തമായ വാദപ്രതിവാദങ്ങൾ നടന്നു. അവസാന വിധിക്കുവേണ്ടി പ്രശ്നം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ സമർപ്പിക്കണമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് ബഹുമാനംകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുമ്പിൽ സംസാരിക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ മാർഗ്ഗവും ആയുധവുമാക്കി. അദ്ദേഹം എന്നോട് കാര്യങ്ങൾ പറയും. ഞാൻ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്തിച്ചുകൊടുക്കും. അവസാനം അല്ലാഹു ഞങ്ങൾക്കു വിജയം നല്കി. പക്ഷേ, ഇവിടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഹദ്റത്ത് മസീഹ് മൗഊദിനോടു(അ) സംസാരിക്കുന്നതിന്റെ മര്യാദയും ആദരവും അറിയാൻ കഴിയുന്നുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ഖലീഫ അവ്വലിന്റെ വിവേകജ്ഞാനത്തേയും ഈമാനേയും കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അതായത് ജനതകൾ എങ്ങനെയാണ് രൂപം കൊള്ളുന്നതെന്ന് വിവരിച്ചുകൊണ്ട് ഒരിടത്തു പറയുന്നു: 'വ്യക്തികളിൽനിന്നാണ് സമൂഹങ്ങൾ ഉണ്ടാകുന്നത്. സമൂഹങ്ങളിൽനിന്നാണ് വ്യക്തികളുണ്ടാകുന്നത്. ഉന്നതമായ ബുദ്ധികളുടെ ഉടമകൾ, ബുദ്ധിമാനും സാത്വികനുമായ മനുഷ്യൻ ജനങ്ങൾക്ക് വളരെയധികം ഗുണം ചെയ്യുന്നു. ഉന്നതവും നല്ലതുമായ ഉദ്ദേശ്യങ്ങൾ നല്ലവരും സമർത്ഥരുമായ ആളുകളുടെ കൈയിൽവന്ന് വളരെയധികം ഫലപ്രദമായി സ്ഥാപിതമാകുന്നു.' പിന്നീട് ഇതും വിവരിച്ചു: 'ഹദ്റത്ത് മസീഹ് മൗഊദും(അ) ജമാഅത്ത് സ്ഥാപിച്ചു. അദ്ദേഹത്തോടും അല്ലാഹു ഇങ്ങനെതന്നെയാണ് പെരുമാറിയത്. അതായത് അദ്ദേഹത്തിന്റെ വാദത്തിന്റെ ആരംഭകാലത്തുതന്നെ, വ്യക്തിപരമായ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല സേവനങ്ങളനുഷ്ഠിച്ചിരുന്നവരിലും ഈ പ്രവൃത്തിയിൽ അദ്ദേഹത്തെ സഹായിച്ചവരിലും -അവരെ അല്ലാഹു അദ്ദേഹത്തിന് ഏല്പിച്ചുകൊടുത്തതാണ്- ഒരാൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ദുർഭാവന വെച്ചുപുലർത്തിയിരുന്ന ഒരാൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ നുബുവ്വത്തുണ്ടാകുമെന്നതിനെ സംബന്ധിച്ച് വായിച്ചപ്പോൾ തന്നോടൊപ്പം കുറേ ആളുകളെ കൂട്ടി മെല്ലെ മെല്ലെ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽപോയി. അദ്ദേഹത്തിന്റെ അടുക്കലെത്തിയപ്പോൾ അയാൾ ഹദ്റത്ത് മൗലവി സാഹിബിനോടു പറഞ്ഞു: 'താൻ ഇക്കാലത്തെ നബിയായി അയക്കപ്പെട്ടിരിക്കുന്നു എന്ന് ഒരാൾ വാദിക്കുകയും, നബി(സ) തിരുമേനിക്കുശേഷവും ഉമ്മത്തെ മുഹമ്മദിയ്യായിൽ നുബുവ്വത്ത് തുടരും എന്നു പറയുകയും ചെയ്താൽ അങ്ങ് അയാളെ കുറിച്ച് എന്താണ് കരുതുക?' ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു: 'ഈ ചോദ്യത്തിനുള്ള മറുപടി വാദിക്കുന്ന ആളുടെ അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. അയാൾ ആ വാദത്തിന്നർഹനാണോ എന്ന് നോക്കണം. ഈ വാദിക്കുന്നയാൾ സാത്വികനല്ലെങ്കിൽ നാം അയാളെ കള്ളവാദി എന്നു പറയും. എന്നാൽ, വാദിക്കുന്നയാൾ സാത്വികനാണെങ്കിൽ ഞാൻ മനസ്സിലാക്കുന്നത് ഞാൻ തെറ്റിലാണെന്നായിരിക്കും. 'നിസംശയം! മിർസാ സാഹിബ് എന്തൊന്നാണോ എഴുതിയിട്ടുള്ളത് അത് ശരിയാണ്. ഞാൻ അതിൽ വിശ്വസിക്കുന്നു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന്റെ ഒരു സഹോദരി ഒരു പീർസാഹിബിന്റെ ശിഷ്യയായിരുന്നു. അവർ ഖാദിയാനിൽ വന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. തിരിച്ചുപോയപ്പോൾ പീർ സാഹിബ് ചോദിച്ചു: നിനക്കെന്താ പറ്റിയത്? നീ എന്തിനാണ് മിർസാ സാഹിബിന് ബയ്അത്ത് ചെയ്തത്. ഞാൻ മിർസാ സാഹിബിനെ വിശ്വസിച്ചത്, അദ്ദേഹത്തെ വിശ്വസിച്ചില്ലെങ്കിൽ ഖിയാമത്തുന്നാൾ എനിക്ക് ചെരിപ്പുകൊണ്ടുള്ള അടികിട്ടും എന്നതുകൊണ്ടാണ്. താങ്കൾ ആ ദിവസം എന്ത് ചെയ്യും? ആ പീർ പറഞ്ഞു: 'ഇതു നൂറുദ്ദീന്റെ വേലയാണെന്നാണ് തോന്നുന്നത്. അയാൾ തന്നെയാണ് ഇതു പഠിപ്പിച്ച് നിന്നെ എന്റെയടുത്തു വിട്ടത്. എന്നാൽ, ഇക്കാര്യത്തിൽ നീ പരിഭ്രമിക്കേണ്ട ആവശ്യമൊന്നുമില്ല. ഖിയാമത്തുന്നാൾ വരുമ്പോൾ സ്വിറാത്ത്പാലത്തിൽ എല്ലാവരും സമ്മേളിക്കും. അപ്പോൾ നിന്റെ പാപം ഞാൻ ഏറ്റെടുക്കുന്നതാണ്. നീ **നിസ്സങ്കോചം** സ്വർഗത്തിൽ പൊയ്ക്കൊള്ളണം.' അവർ പറഞ്ഞു: 'പീർ സാഹിബേ! ഞങ്ങൾ സ്വർഗത്തിൽ പൊയ്ക്കഴിഞ്ഞിരിക്കുന്നു; താങ്കളുടെ അവസ്ഥ എന്താകും?' അദ്ദേഹം പറഞ്ഞു: 'മലക്കുകൾ എന്റെയടുത്തു വരുമ്പോൾ ഞാൻ ചെമന്ന കണ്ണുകൾ കാണിച്ചുകൊണ്ടു അവരോടു പറയും. നിങ്ങൾക്ക് ഞങ്ങളുടെ മാതാമഹനായ ഇമാം ഹുസയ്ന്റെ ശഹാദത്ത് പോരേ? ഇന്ന് ഖിയാമത്തുന്നാളിൽ ഞങ്ങളേയും ബുദ്ധിമുട്ടിക്കുകയാണോ? ഇതുകേട്ട് മലക്കുകൾ നാണംകെട്ട് ഓടിപ്പോകും. ഞങ്ങളും ചാടിക്കടന്ന് സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.'

ഹദ്റത്ത് ഖലീഫ അവ്വലിന്റെ ലാളിത്യത്തേയും അനുസരണത്തേയും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: 'ഞങ്ങൾ നേരിട്ട് ഖലീഫ അവ്വലിനെ കണ്ടിട്ടുണ്ട്. അവിടന്ന് മജ്‌ലിസിൽ വളരെ ദരിദ്രഭാവത്തോടെയാണ് ഇരിക്കാറുണ്ടായിരുന്നത്. ഒരിക്കൽ മജ്‌ലിസിൽ വിവാഹചർച്ച നടക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മൗലവി സാഹിബേ! ജമാഅത്ത് വളരുന്നതിനുള്ള ഒരു മാർഗം അധികമായി മക്കളുണ്ടാകുക എന്നതുമാണ്. അതുകൊണ്ട് ഞാൻ വിചാരിക്കുന്നത് ജമാഅത്തിലെ സ്നേഹിതന്മാർ ഒന്നിലധികം വിവാഹം കഴിക്കണമെന്നാണ്. അങ്ങനേയും ജമാഅത്ത് വളരുമല്ലോ?' ഹദ്റത്ത് ഖലീഫ അവ്വൽ മുട്ടിൽനിന്ന് തല ഉയർത്തിക്കൊണ്ടു പറഞ്ഞു: 'ഹുദൂർ! ഞാൻ അങ്ങയുടെ കല്പന അംഗീകരിക്കാൻ തയ്യാറാണ്. പക്ഷേ, ഈ പ്രായത്തിൽ ആരെങ്കിലും തന്റെ മകളെ എനിക്കു തരാൻ തയ്യാറാകുമോ?' ഇതുകേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിരിക്കാൻ തുടങ്ങി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നോക്കൂ! ഇതാണ് വിനയവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ആദരവും.

ഇക്കാരണത്താലാണ് അദ്ദേഹത്തിന് ഈ സ്ഥാനം കിട്ടിയത്.'

അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. കാരണം ലോകം മുഴുവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എതിരായിരുന്നപ്പോഴാണ് ഖലീഫ അവ്വൽ അദ്ദേഹത്തെ വിശ്വസിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളുടെ വിവാഹത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആദ്യം ചോദിക്കുന്ന ചോദ്യം ഇന്നയാൾക്ക് എത്ര കുട്ടികളുണ്ടെന്നാണ്. അവർ എത്ര സഹോദരങ്ങളാണ്? അവർക്ക് എത്ര മക്കളുണ്ട്?' എന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ചിലയാളുകൾ എന്നോടു അഭിപ്രായം ചോദിക്കുമ്പോൾ, ഞാൻ അവരോട് പറയുന്നത്, എവിടെയാണോ നിങ്ങൾ ബന്ധം ആലോചിക്കുന്നത് അവർക്ക് എത്ര മക്കളുണ്ടെന്ന് നോക്കൂ എന്നാണ്.'

കുടുംബാസൂത്രണത്തിന് നിർബന്ധിക്കുന്ന കാലമാണിത്. എന്നാൽ, ഇതിന് കൂടുതൽ നിർബന്ധിക്കപ്പെട്ടിരുന്ന രാജ്യങ്ങളിൽ, അത് തെറ്റായിപ്പോയെന്ന ചിന്ത ഇപ്പോൾ വളർന്നുവന്നിരിക്കുന്നു. പ്രകൃതിനിയമത്തോടു പോരാടാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ പ്രശ്നങ്ങളുണ്ടാകുന്നു. അനുബന്ധമായി ഇക്കാര്യം വന്നുപോയതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ഖലീഫ അവ്വലിന്റെ ആത്മാർത്ഥതയുടേയും വിനയത്തിന്റേയും ലാളിത്യത്തിന്റേയും മറ്റൊരു സംഭവം വിവരിക്കുന്നു. പറയുന്നു: 'സേവനം ചെയ്യുന്നതിന് വിവിധ സാധനസാമിഗ്രികളുടെ ആവശ്യമുണ്ട്. ഭക്ഷണം പാകം ചെയ്യേണ്ട ആവശ്യമുണ്ടാകുന്നു. ആരംഭകാലത്ത് ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ അതിഥികൾ വന്നിരുന്നു. അപ്പോൾ പലചരക്ക് സാധനങ്ങളും മറ്റും കൊണ്ടുവരിക ഞങ്ങളുടെ കുടുംബക്കാർക്ക് മാത്രം ചെയ്യാൻ സാധിക്കുന്ന കാര്യമല്ലായിരുന്നു എന്നത് പ്രകടമാണ്. അധികവും ജമാഅത്തിലെ അംഗങ്ങൾ കൂടിച്ചേർന്ന് ചെയ്യാറായിരുന്നു പതിവ്. അക്കാലത്ത് ലങ്കർഖാന തുടർച്ചയായി നടത്താനുള്ള ഏർപ്പാടുണ്ടായിരുന്നില്ല. വിറക് വരുമ്പോൾ അത് എടുത്ത് അകത്തിടണമായിരുന്നു. അതായത് സ്റ്റോറിൽ വെക്കണമായിരുന്നു. അപ്പോൾ വീട്ടിലെ സേവക 'വിറക് വന്നിട്ടുണ്ട്, ആരെങ്കിലുമുണ്ടോ അതെടുത്ത് അകത്തിടാൻ' എന്ന് വിളിച്ചുപറയും. ഒരു തവണ ലങ്കർഖാനയിലേക്ക് ഉണക്കച്ചാണകത്തിന്റെ ലോഡ് വന്നു. (അത് കത്തിക്കാൻ ഉപയോഗിക്കുന്നതാണ്). മഴയും വരുന്നുണ്ടായിരുന്നു. സേവക ആളുകളെ വിളിച്ചു. പക്ഷേ, അതാരും ശ്രദ്ധിച്ചില്ല. അവർ വിളിച്ചിട്ട് ആരും ഗൗനിക്കുന്നില്ലെന്ന് കണ്ടപ്പോൾ അവിടന്ന് പറഞ്ഞു, 'ശരി ഇന്ന് നാം തന്നെ ആളായിക്കൊള്ളാം.' ഇത് പറഞ്ഞ് അദ്ദേഹം ഉണക്കച്ചാണകം ഏറ്റുകയും ഉള്ളിൽ കൊണ്ടുപോയിടാൻ തുടങ്ങുകയും ചെയ്തു.

ഹദ്റത്ത് ഖലീഫ അവ്വലിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹത്തിന്റെ ഉദാഹരണം നല്കിക്കൊണ്ട് അവിടന്ന് പറയുന്നു: 'ഹദ്റത്ത് ഖലീഫ അവ്വലിന് അതിയായ സന്തോഷമുണ്ടാകുമ്പോഴും സ്നേഹത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്മരിക്കുമ്പോഴും 'മിർസാ' എന്ന പദം ഉപയോഗിക്കുക ശീലമായിരുന്നു. നമ്മുടെ 'മിർസാജീ'യുടെ കാര്യം ഇതാണെന്ന് പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനുമുമ്പേയുള്ള പ്രാരംഭകാലത്ത് ഹദ്റത്ത് ഖലീഫ അവ്വലും ഹദ്റത്ത് മസീഹ് മൗഊദും(അ)തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അന്നുമുതലേ ഈ പദം ആ മഹാത്മാവിന്റെ നാവിൽ പതിഞ്ഞുപോയതാണ്.

ഇരുഭാഗത്തുമുള്ള ആത്മാർഥതയുടേയും സ്നേഹത്തിന്റേയും മറ്റൊരു ഉദാഹരണം കേൾക്കുക. ഹദ്റത്ത് ഖലീഫ അവ്വലിൽ(റ)എത്രത്തോളം ആത്മാർഥത ഉണ്ടായിരുന്നു എന്നത് ആരിൽനിന്നും മറഞ്ഞതല്ല. ഹദ്റത്ത് ഖലീഫ അവ്വൽ(റ) പ്രഭാതസവാരിക്ക് പോകാറില്ലെന്ന് ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. അവിടന്ന് പറഞ്ഞു, 'അദ്ദേഹം നിത്യവും പോകാറുണ്ട്.' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു, 'അദ്ദേഹം പ്രഭാതസവാരിക്ക് ഒപ്പം നടക്കാറുണ്ട്, പക്ഷേ, ആൽമരചുവട്ടിൽ ഇരിക്കുകയാണ് പതിവ്. തിരിച്ചു വരുമ്പോൾ കൂടെപ്പോരുകയും ചെയ്യുന്നു.' അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും ഹദ്റത്ത് ഖലീഫ അവ്വൽ(റ)നെ തന്റെ ഒപ്പം നടത്തുമായിരുന്നു. അവിടന്ന് വേഗത്തിൽ നടക്കുകയും ഹദ്റത്ത് ഖലീഫ അവ്വൽ(റ) വളരെ പിന്നിലാകുകയും ചെയ്യുമ്പോൾ, അവിടെ നിന്ന് 'മൗലവി സാഹിബേ ഇന്ന കാര്യം എങ്ങനെ' എന്ന് ചോദിക്കുമ്പോൾ മൗലവി സാഹിബ് വേഗം വേഗം നടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തി ഒപ്പം നടക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്പംകഴിഞ്ഞ് വീണ്ടും നടത്തത്തിൽവേഗം കൂട്ടുകയും മുമ്പോട്ടു പോയതിനുശേഷം നില്ക്കുകയും മൗലവി സാഹിബിനോടു 'മൗലവി സാഹിബേ! ഇക്കാര്യം ഇങ്ങനെയിങ്ങനെയല്ലേ' എന്നു ചോദിക്കുകയും ചെയ്യുമായിരുന്നു. പലരീതിയിലുള്ള കാര്യങ്ങളും സംസാരവിഷയമാകും. മൗലവി സാഹിബ് വീണ്ടും വേഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തും. വേഗംവേഗം നടക്കുന്ന കാരണത്താൽ കിതക്കുമായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ കൂടെ വെക്കുമായിരുന്നു. 30,40 അടി നടന്നാൽ വീണ്ടും മൗലവി സാഹിബ് പിന്നിൽ പോകുമായിരുന്നു. എന്തെങ്കിലും കാര്യം പറയുമ്പോൾ വീണ്ടും മൗലവി സാഹിബ് ഓടി എത്തും. ഹദ്റത്ത് മൗലവി സാഹിബിന് നടത്തശീലം ഉണ്ടാകട്ടെ എന്നു കരുതിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങനെ ചെയ്തിരുന്നത്.

ഹദ്റത്ത് ഖലീഫ അവ്വലിന്റെ ആത്മാർഥതയും തവക്കുലും വെളിപ്പെടുന്ന മറ്റൊരു ഉദാഹരണമുണ്ട്. ഹദ്റത്ത് മീർ സാഹിബിന് തീരെ സുഖമില്ലാതായി. വൻകുടൽ വീക്കമായിരുന്നു രോഗം. അതെത്രമാത്രം ഗുരുതരമായെന്നാൽ ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ പറഞ്ഞു. ചില യൂനാനി മരുന്നുകൊണ്ട് ഓപ്പറേഷൻ കൂടാതെ സുഖമാകുമെന്ന് ചിലർ പറഞ്ഞു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫ അവ്വലി(റ)ന് 'ഏതവസ്ഥയിലാണെങ്കിലും പെട്ടെന്നെത്തുക' എന്നു പറഞ്ഞ് കമ്പിയടിച്ചു. അവിടന്ന് വൈദ്യശാലയിൽ ഇരിക്കുകയായിരുന്നു. കോട്ടും ഇട്ടിരുന്നില്ല. പൈസയും കൈയിലുണ്ടായിരുന്നില്ല. അവിടന്ന് ഹക്കീം ഗുലാം മുഹമ്മദ് സാഹിബിനേയും കൂട്ടി ബട്ടാലയിലെത്തി. ഇതാണ് ആത്മാർത്ഥതയും അനുസരണവും. കൂടുതൽ നടക്കുന്നത് അദ്ദേഹത്തിന് ബുദ്ധിമുട്ടായിരുന്നു. പക്ഷേ, കല്പന

വന്നപ്പോൾ ബട്ടാലവരെ ഏകദേശം 11 മൈൽദൂരംവരെ നടന്നെത്തി. ഇനി വണ്ടിക്കൂലിയ്ക്കെന്തു ചെയ്യുമെന്ന് ഹക്കീം സാഹിബ് ചോദിച്ചു. ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു: 'ഇവിടെ ഇരിക്കുക. അല്ലാഹുതന്നെ എന്തെങ്കിലും ഏർപ്പാടും ചെയ്യും.' (ഇതാണ് തവക്കുലിന്റെ ഉദാഹരണം). ഇത്രയുമായപ്പോൾ ഒരാൾ വന്നു. താങ്കളാണോ ഹക്കീം നൂറുദ്ദീൻ സാഹിബ് എന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു: അതെ. അയാൾ പറഞ്ഞു: വണ്ടി വരാൻ ഇനി 10–15 മിനിറ്റ് സമയമുണ്ട്. താങ്കളെ കാത്തുനില്ക്കണമെന്ന് ഞാൻ സ്റ്റേഷൻ മാസ്റ്ററോട് പറഞ്ഞിട്ടുമുണ്ട്. ഞാൻ ബട്ടാലയിൽ തഹ്സിൽദാറാണ്. എന്റെ ഭാര്യയ്ക്ക് തീരെ സുഖമില്ല. അങ്ങ്, അല്പം നടന്ന് ഒന്നു അവരെ പരിശോധിച്ചാലും. ഖലീഫ അവ്വൽ പോയി. രോഗിയെ പരിശോധിച്ച് മരുന്നിനെഴുതിക്കൊടുത്ത് സ്റ്റേഷനിൽ തിരിച്ചെത്തി. തഹസിൽദാറും ഒപ്പം വന്നിരുന്നു. അദ്ദേഹം പറഞ്ഞു. താങ്കൾ വണ്ടിയിൽ കയറി ഇരുന്നുകൊള്ളുക. ഞാൻ ടിക്കറ്റെടുത്ത് വരാം. അദ്ദേഹം ഒരു സെക്കന്റ് ക്ലാസ് ടിക്കറ്റും ഒരു തേഡ് ക്ലാസ് ടിക്കറ്റും എടുത്തുകൊണ്ടുവന്നു. ഒപ്പം 50 രൂപയും കൊടുത്തുകൊണ്ടു പറഞ്ഞു: 'ഇതൊരു നിസ്സാര ഹദ്‌യയാണ്. ഇതു സ്വീകരിച്ചാലും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ശരിയായ തവക്കുലിന്റെ സ്ഥാനമിതാണ്. തവക്കുലിന്റെ ശരിയായ സ്ഥാനത്തുള്ളവർ ആരോടും ചോദിക്കുകയില്ല. ആളുകളുടെ ശ്രദ്ധ അവരിലേക്ക് അല്ലാഹു തിരിക്കുകയും അവൻ ഏർപാട് ചെയ്തുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹുവിൽ ഭരമേല്പിക്കുന്നവർ ആരുടെയടുക്കലും പോകുകയില്ല. മറിച്ച്, അവരുടെ ആവശ്യം പൂർത്തീകരിക്കാൻ വേണ്ടി അല്ലാഹു സ്വയം ആളെ അയക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എനിക്കോർമ്മയുണ്ട്, ഒരിക്കൽ ഒരു രോഗി വന്നു. മൗലവി സാഹിബിനെക്കൊണ്ട് ഞാൻ ചികിത്സിപ്പിച്ചിരുന്നു, അതുകൊണ്ട് എനിക്ക് ഒരുപാട് സുഖം കിട്ടി എന്ന് അയാൾ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആ ദിവസങ്ങളിൽ നല്ല സുഖമുണ്ടായിരുന്നില്ല. എന്നാൽ, അവിടന്ന് ഇതുകേട്ട് എഴുന്നേറ്റിരുന്നു. ഹദ്റത്ത് അമ്മാജാൻ(റ)നോടു പറഞ്ഞു: 'അല്ലാഹുതന്നെയാണ് മൗലവി സാഹിബിനോടു പറഞ്ഞ് അദ്ദേഹത്തെ ഇവിടെകൊണ്ടുവന്നത്. ഇപ്പോൾ ആയിരക്കണക്കിനാളുകൾ അദ്ദേഹത്തെ പ്രയോജനപ്പെടുത്തുന്നു. മൗലവി സാഹിബ് ഇവിടെ വന്നില്ലായിരുന്നെങ്കിൽ, ഇവരുടെ ചികിത്സ എങ്ങനെ നടക്കാനാണ്? അതിനാൽ മൗലവി സാഹിബിന്റെ സാന്നിധ്യവും അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണ്.' ഇത് നന്ദി പ്രകടിപ്പിക്കലായിരുന്നു. അത്യുക്തിയല്ല.

ഹദ്റത്ത് ഖലീഫ അവ്വലിന്റെ വിനയത്തിന്റെ പാരമ്യതയെക്കുറിച്ച് ഒരു സ്വഹാബിയെ ഉദ്ധരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഞാനൊരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ കാണാൻ വന്നതാണ്. അവിടന്ന് മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. വാതിലിന്നടുത്ത് ചെരുപ്പുകൾ ഉണ്ടായിരുന്നു. സാധാരണ വസ്ത്രധാരിയായ ഒരു മനുഷ്യൻ വന്നു. ചെരിപ്പുകളുടെ മേൽ ഇരുന്നു.' ഈ സ്വഹാബി പറയുന്നു: 'ഇത് ഏതോ ചെരുപ്പുകള്ളനായിരിക്കുമെന്ന് ഞാൻ കരുതി. ഞാനെന്റെ ചെരുപ്പ് ഗൗനിക്കാൻ തുടങ്ങി; അയാൾ എടുത്തുകൊണ്ട് ഓടുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരുന്നു.' പറയുന്നു: 'അതുകഴിഞ്ഞ് കുറച്ചു കാലത്തിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ സ്ഥാനത്ത് വേറാരോ ഖലീഫയായിരിക്കുന്നുവെന്ന് ഞാൻ കേട്ടു. ഞാൻ അദ്ദേഹത്തിനു ബയ്അത്ത് ചെയ്യാൻ വന്നു. ബയ്അത്ത് ചെയ്യാൻ വേണ്ടി എന്റെ കൈ ഞാൻ നീട്ടിയപ്പോൾ, അജ്ഞതകൊണ്ട് ഞാൻ ചെരുപ്പുകള്ളൻ എന്നു മനസ്സിലാക്കിയ അതേ വ്യക്തിയായിരുന്നു അത്. അതായത് ഖലീഫ അവ്വൽ(റ). എന്റെ മനസ്സ് കഠിനമായി ലജ്ജിച്ചു.' അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ പേരിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നവർക്ക് ബുദ്ധി നല്കുമാറാകട്ടെ. കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നല്കുമാറാകട്ടെ. നമുക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ഈ മാതൃകകളിൽനിന്ന് പാഠം കരസ്ഥമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇന്ന് മൊറേഷ്യസിലെ ജൽസസാലാനയും ആരംഭിക്കുകയാണ്. മൊറേഷ്യസിൽ ജമാഅത്ത് സ്ഥാപിതമായിട്ട് 100 വർഷം തികഞ്ഞുകഴിഞ്ഞു. അവർ തങ്ങളുടെ സെന്റനറി ആഘോഷിക്കുകയാണ്. അല്ലാഹു അവരുടെ ജൽസയും അനുഗൃഹീതമാക്കട്ടെ. ഈ നൂറുവർഷം ഭാവിയിൽ അവിടെ പുതിയ അഭിവൃദ്ധികളുടെ മുന്നൊരുക്കമായി സ്ഥാപിതമാകട്ടെ. പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമാറാകട്ടെ. അവിടെ ചില കുഴപ്പക്കാരുമുണ്ട്. അവരിൽനിന്ന് ജമാഅത്തിനെ അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എല്ലാ രീതിയിലും ജൽസയേയും അവരുടെ പരിപാടികളേയും അനുഗൃഹീതമാക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 13.11.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala